**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 256** **27-06-2022 - ൽ മറുപടിയ്ക്ക്**

**ഹോമിയോപ്പതിയിലെ ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഹോമിയോപ്പതിയിലെ ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഏതെങ്കിലും പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഹോമിയോപ്പതിയിലെ ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഹോമിയോപ്പതി വകുപ്പിൽ HEART((Homoeopathic Evidence-based Advanced Research & Training) പ്രോഗ്രാം 12.04.2022തീയതിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഗവേഷണങ്ങൾക്കായി ഒരു റിസർച്ച് വിഭാഗം 2017-18 സാമ്പത്തിക വർഷം മുതൽ പ്രവർത്തിച്ചു വരുന്നു. 2019-20 സാമ്പത്തിക വർഷം മുതൽ ഹോമിയോപ്പതിയിലെ ഗവേഷണങ്ങൾ എന്ന പേരിൽ പ്രത്യേക ശീർഷകവും അനുവദിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ നടപ്പിലാക്കിയ പദ്ധതികളും അവ കൈവരിച്ച നേട്ടങ്ങളും വ്യക്തമാക്കാമോ? | (ബി) | ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് റിസർച്ച് വിംഗിന്റെ സഹായത്തോടെ പി.ജി വിദ്യാർത്ഥികൾക്ക് റിസർച്ച് മെത്തഡോളജിയെ കുറിച്ച് ക്ലാസ്സുകൾ സംഘടിപ്പിച്ചു. ആയുഷ് കോൺക്ലേവിലും, സെന്റ്.തോമസ്, പാലായിൽ നടന്ന ഇന്റർനാഷണൽ കോൺഫറൻസിലും ഹോമിയോപ്പതി മരുന്നുകളുടെ ഫലപ്രാപ്തി സംബന്ധിച്ച് പേപ്പറുകൾ അവതരിപ്പിച്ചു. ഹോമിയോ മരുന്നിലെ വിവിധ പൊട്ടൻസികളിലെ നാനോ പാർട്ടിക്കൽ അനലൈസ് നടത്തി. ആസ്ത്മരോഗത്തിന് പ്രത്യേക റിസർച്ച് ഒ.പി ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ